പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1410

30.01.2018- ൽ
മറുപടിയ്ക്ക്

## മലയോരമേഖലയിലുള്ളവർക്ക് പട്ടയം

ചോദ്യം
**ശ്രീ.കെ.വി.വിജയദാസ്**

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

എ) ജോയിന്റ് വെരിഫിക്കേഷൻ നടത്താത്തതിന്റെ ഫലമായി മലയോരമേഖലയിലുള്ളവർക്ക് പട്ടയം ലഭിയ്ക്കാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

ബി) റവന്യൂ വകുപ്പ് മുൻകൈ എടുത്ത് വനംവകുപ്പുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ സമയബന്ധിതമായി നടത്തി മലയോരമേഖലയിലുള്ളവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ;ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുക;വിശദവിവരം നൽകുമോ;

എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

എ) & ബി) 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/8/2017 ൽ യോഗം ചേരുകയുണ്ടായി. 01.01.1977 ന് മുമ്പ് വനഭൂമി കൈവശമുണ്ടായിരുന്നവർക്ക് പട്ടയം നൽകുന്നതിനായി റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അർഹരായ കൈവശക്കാരെ കണ്ടെത്തി തയ്യാറാക്കുന്ന ലിസ്റ്റ് 1980 ലെ വനസംരക്ഷണ നിയമം സെക്ഷൻ II പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട് എന്നും കേന്ദ്ര സർക്കാരിന്റെ 18.09.1990 ലെ 13-1/90 FPI നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തൊട്ടാകെ ഒറ്റ പ്രൊപ്പോസലാണ് സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ചില ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയാകാത്ത സാഹചര്യത്തിൽ മേൽ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കാൻ പറ്റാത്ത അവസ്ഥയാണെന്ന് യോഗം വിലയിരുത്തുകയും തുടർന്ന് സംയുക്ത പരിശോധന പൂർത്തിയാകാത്ത

ജില്ലകളിൽ 31.12.2017 നകം സംയുക്ത പരിശോധന പൂർത്തിയാക്കുന്നതിനും പരിശോധന പൂർത്തിയാക്കിയ ജില്ലകളിലെ സംയുക്ത പരിശോധനാ വിവരങ്ങൾ 30/09/2017 ന് മുമ്പായി online -നായി upload ചെയ്ത് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി അയയ്ക്കുന്നതിനും തുടർന്നും സംയുക്ത പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് വിവരങ്ങൾ അപ്പപ്പോൾ തന്നെ online വഴി സമർപ്പിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ സംയുക്ത പരിശോധനയ്ക്കായി പുതുതായി ലഭിക്കുന്ന അപേക്ഷകൾ, പ്രത്യേകിച്ചും ഒരിക്കൽ നിരസിച്ച് വീണ്ടും സമർപ്പിക്കുന്നവ, സ്വീകരിക്കേണ്ടതില്ല എന്നും എന്നാൽ സംയുക്ത പരിശോധന നടത്തിയ ഭൂമിയിൽ പട്ടയത്തിനായി ലഭിക്കുന്ന പുതിയ അപേക്ഷകൾ സ്വീകരിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. മലയോര മേഖലയിലുള്ളവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് നിയമാനുസൃതമുള്ള നടപടികൾ ജില്ലാ കളക്ടർ കൈക്കൊണ്ടുവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## സംയുക്ത പരിശോധനയുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ

**തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ 175 അപേക്ഷകളിൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും ഇവയ്ക്ക് പട്ടയം നൽകുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി നൽകിയിട്ടുള്ളതുമാണ്.

**കൊല്ലം**

കൊല്ലം ജില്ലയിൽ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെ വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. ആയത് കേന്ദ്രാനുമതിയ്ക്കായി അയയ്ക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

**പത്തനംതിട്ട**

01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ സംയുക്ത പരിശോധന കഴിഞ്ഞ 1970.04 ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകുന്നതിന് വേണ്ടി കേന്ദ്രാനുമതിയ്ക്കായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

**ആലപ്പുഴ**

മലയോര മേഖലയല്ലാത്തതിനാൽ ബാധകമല്ല.

**കോട്ടയം**

ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽപ്പെട്ടതും ഹിൽമെൻ സെറ്റിൽമെന്റ് പ്രദേശത്തിൽ ഉൾപ്പെട്ടതുമായ വസ്തുക്കൾ റിസർവ്വ് വനത്തിന്റെ സ്റ്റാറ്റസിൽപ്പെട്ടതാണ്. ആയത് ആദിവാസികൾക്കൊപ്പം ഇതര വിഭാഗത്തിൽപ്പെട്ടവരും കൈവശപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ സംയുക്ത പരിശോധനയ്ക്ക് പ്രത്യേക അനുമതി നൽകണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ഇടുക്കി**

മലയോര മേഖലകളിൽ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതാണ്.എന്നാൽ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെടാത്ത 1.1.1977-ന് മുൻപ് കുടിയേറിയവർക്കും പട്ടയം നൽകാൻ സാധിക്കില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**എറണാകുളം**

ആലുവ താലൂക്കിലെ അയ്യമ്പുഴ വില്ലേജിലുള്ള 101 പേർക്ക് പട്ടയം നൽകുന്നതിനുള്ള സ്കെച്ച് മഹസ്സർ എന്നിവ തയ്യാറാക്കുന്നതിനുള്ള സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, നേരിയമംഗലം, കടവൂർ, കീരംപാറ, കോട്ടപ്പടി, പിണ്ടിമന, കുട്ടമംഗലം വില്ലേജുകളിൽ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള പ്രത്യേക സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ റിപ്പോർട്ട് അംഗീകരിച്ചിട്ടില്ല.

**തൃശ്ശൂർ**

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ, തലപ്പിള്ളി, ചാലക്കുടി താലൂക്കുകളിൽ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ച അപേക്ഷകളിൽ കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പട്ടയം നൽകാൻ

സാധിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്താൻ ബാക്കിയുള്ള അപേക്ഷകളിൽ സത്വര നടപടി സ്വീകരിച്ച് വരുന്നുണ്ട്.

**പാലക്കാട്**

സംയുക്ത പരിശോധനയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ വനം വകുപ്പുമായി ചേർന്ന് പരിശോധന നടത്തുകയും അർഹരെന്നു കണ്ടെത്തുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**മലപ്പുറം**

സംയുക്ത പരിശോധന പൂർത്തിയാക്കി 01.01.1977 ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് 93 ലെ പ്രത്യേക ചട്ടങ്ങൾ പ്രകാരം പരമാവധി നാല് ഏക്കർ എന്ന തോതിൽ പട്ടയം അനുവദിക്കുന്നതിനായി 674 പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്രൊട്ടക്ഷൻ), തിരുവനന്തപുരം- ന് സമർപ്പിച്ചിട്ടുണ്ട്.

**കോഴിക്കോട്**

1977 ന് മുൻപുള്ള വനഭൂമി കയ്യേറ്റങ്ങൾ പരിശോധിക്കുന്നതിന് ജി.ഒ (എം.എസ്) നം. 655/89/ആർ.ഡി തീയതി. 31/08/1989 പ്രകാരം 1991-92 കാലഘട്ടത്തിൽ നടന്ന റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന കോഴിക്കോട് ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഭൂനികുതി സ്വീകരിക്കുന്നില്ലെന്നത് സംബന്ധിച്ച് ആക്ഷേപമുള്ള ഏതാനും കേസുകളിൽ 3/8/16-ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാന പ്രകാരം ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും ആയതിന്റെ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

**വയനാട്**

ജില്ലയിലെ സംയുക്ത പരിശോധന നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. കേന്ദ്രാനുമതി ലഭിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**കണ്ണൂർ**

01.01.1977 ന് മുൻപ് കൈയ്യേറിയ വനഭൂമി സംബന്ധിച്ച സംയുക്ത പരിശോധനയിൽ അർഹമാണെന്ന് കണ്ടെത്തിയ 94 പ്ലോട്ടുകളിലെ 9.323 ഹെ. ഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

**കാസർഗോഡ്**

01.01.1977 ന് മുൻപ് വനഭൂമി കയ്യേറിയവരിൽ ക്രമവൽക്കരണത്തിന് സംയുക്ത പരിശോധന നടത്തി അർഹരായ 24 പേരുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുള്ളതും, അതിൽ 21 പേർക്ക് കൈവശരേഖ നൽകിയിട്ടുള്ളതുമാണ്.

Indu S.S

**സെക്ഷൻ ഓഫീസർ**